"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- സ്വദേശ് ദർശൻ 2.O സ്കീം- Enhancement of Tourist Experience at Malampuzha Garden and Leisure Park, Alappuzha - A Global Water Wonderland- സ്വദേശ് ദർശൻ 2.0 സ്കീം- ഉപപദ്ധതി-Challenge Based Destination Development- Varkala - Dakshin Kashi, Thalassery - The Spiritual Nexus എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം.311/2025/TSM തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.67/2021/ധന തീയതി 28.04.2021
2. 06.03.2024ലെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ SD-8/25/2023-SD നമ്പർ കത്ത്
3. 27.03.2025ലെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ SD-8/25/2023-SD-പാർട്ട്(2) നമ്പർ കത്തുകൾ
4. 29.03.2025ലെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ SD-8/15/2020-SD നമ്പർ കത്ത്
5. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 22.04.2025 ലെ DOT/1153/2025-P3 നമ്പർ കത്ത്
6. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 08.05.2025 ലെ DOT/911/2025-P3 നമ്പർ കത്ത്
7. സ.ഉ.(സാധാ) നം. 295/2025/ടൂറിസം തീയതി 22.05.2025
8. സ.ഉ.(സാധാ) നം. 299/2025/ടൂറിസം തീയതി 24.05.2025
9. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 24.05.2025 ൽ ചേർന്ന Empowered Committee-യുടെ തീരുമാനം

**ഉത്തരവ്**

പരാമർശം (3) പ്രകാരം, "സ്വദേശ് ദർശൻ 2.O" സ്കീമിന്റെ ഉപപദ്ധതിയായ Challenge Based Destination Development സ്കീമിൽ ഉൾപ്പെടുത്തി "Varkala - Dakshin Kashi", "Thalassery – The Spiritual Nexus" എന്നീ പദ്ധതികൾക്ക് ഓരോന്നിനും 25 കോടി രൂപയുടെ അനുമതിയും പരാമർശം (4) പ്രകാരം, സ്വദേശ് ദർശൻ 2.O സ്കീമിൽ ഉൾപ്പെടുത്തി

"Enhancement of Tourist Experience at Malampuzha Garden and Leisure Park" , "Alappuzha- A Global Water Wonderland" എന്നീ പദ്ധതികൾക്ക് യഥാക്രമം 75.8743 കോടി രൂപയുടെയും 93.177 കോടി രൂപയുടെയും അനുമതിയും കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിരുന്നു.

2. മേൽ പദ്ധതികളുടെ ഭരണാനുമതി ശുപാർശകൾ പരിശോധിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമായി പരാമർശം (7), (8) പ്രകാരം Empowered Committee- രൂപീകരിക്കുകയുണ്ടായി.

3. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി മേൽപ്പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന്റെ അടിയന്തര സാഹചര്യം കണക്കിലെടുത്ത്, പരാമർശം (9) പ്രകാരം, Empowered Committee അംഗീകരിച്ച **ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, സ്വദേശ് ദർശൻ 2.O സ്കീമിൽ ഉൾപ്പെട്ട Enhancement of Tourist Experience at Malampuzha Garden and Leisure Park, Alappuzha -A Global Water Wonderland എന്ന പദ്ധതികൾക്കും, സ്വദേശ് ദർശൻ 2.0 സ്കീമിന്റെ ഉപപദ്ധതിയായ Challenge Based Destination Development-ൽ ഉൾപ്പെട്ട Varkala - Dakshin Kashi, Thalassery - The Spiritual Nexus എന്ന പദ്ധതികൾക്കും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

- കേന്ദ്രസർക്കാർ അംഗീകരിച്ച പദ്ധതി റിപ്പോർട്ടിലെ ഘടകങ്ങളിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.
- പദ്ധതിക്ക് വിശദമായ DPR ഉണ്ടായിരിക്കേണ്ടതാണ്.
- പദ്ധതി നടത്തിപ്പിനാവശ്യമായ Bill of Quantities(BoQ), Detailed Investigation, Structural Drawings എന്നിവ തിരഞ്ഞെടുക്കപ്പെട്ട ആർക്കിടെക്ച്ചറൽ കൺസൾട്ടന്റ് തയ്യാറാക്കേണ്ടതാണ്. ഇതിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചുമതലപ്പെടുത്തപ്പെട്ട ആർക്കിടെക്ട് ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ initial drawings തയ്യാറാക്കിയ ആർക്കിടെക്ട് തന്നെ Bill of Quantities(BoQ), Detailed Investigation, Architectural Drawings, Structural Drawings എന്നിവ ഉൾപ്പെട്ട വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതാണ്. ആർക്കിടെക്ച്ചറൽ ഫീസ് പ്രോജക്ട് കോസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. KTIL ചുമതലപ്പെടുത്തിയ ആർക്കിടെക്റ്റിന് പേയ്മെന്റുകൾ നൽകാനുള്ള ചുമതല നോഡൽ ഏജൻസി ആയ KTIL-ന് ആയിരിക്കും.
- പദ്ധതി നടപ്പിലാക്കുമ്പോൾ പരാമർശം(1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
- പദ്ധതിയുടെ എല്ലാ ഘടകങ്ങളും നോൺ PMC -ആയി ടെൻഡർ മുഖേന composite package ആയി നിർവഹിക്കേണ്ടതാണ്.
- കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ച പദ്ധതിയായതിനാൽ അധികമായി തുക ആവശ്യം വന്നാൽ അത് നൽകുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ അംഗീകരിച്ച കരാർ തുകയിൽ നിന്ന് അധികരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകുന്നതല്ല.
- ടെക്നിക്കൽ സാങ്ഷൻ ലഭിച്ച തുകയെ ആസ്പദമാക്കിയാണ് കരാറിൽ ഏർപ്പെടേണ്ടത്.
- ടെക്നിക്കൽ സാങ്ഷൻ ലഭിച്ച തുകയ്ക്കുള്ളിൽ നിന്ന് പ്രവൃത്തികൾ ചെയ്യാൻ ശ്രമിക്കേണ്ടതാണ്.
- പദ്ധതിയുടെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കേണ്ട ബാധ്യത നിർവ്വഹണ

ഏജൻസിയിൽ നിക്ഷിപ്തമായിരിക്കും.

- ആർക്കിടെക്ട് പദ്ധതി പ്രദേശം സന്ദർശിച്ച് landscape, topography, design എന്നിവയുടെ അളവുകൾ തിട്ടപ്പെടുത്തി detailed drawings തയ്യാറാക്കേണ്ടതാണ്.
- പദ്ധതി നടത്തിപ്പിനായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ, KTIL, നിർവ്വഹണ ഏജൻസി, ആർക്കിടെക്ട് തുടങ്ങിയവർ അർപ്പണബോധത്തോടെ പ്രവർത്തിക്കണം. പദ്ധതി നടത്തിപ്പിനാവശ്യമായ വിശദമായ പ്രൊജക്ട് ഷെഡ്യൂൾ അടിയന്തരമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടറും KTIL-ഉം, നിർവ്വഹണ ഏജൻസിയും ആർക്കിടെക്ടും സംയുക്തമായി തയ്യാറാക്കേണ്ടതും, ആയത് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.
- വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പ്രസ്തുത ഷെഡ്യൂൾ അനുസരിച്ചുള്ള പുരോഗതി ഓരോ ആഴ്ചയും വിലയിരുത്തേണ്ടതാണ്.
- പദ്ധതി നടത്തിപ്പിന് ചുമതല ഏൽപ്പിച്ച ഏജൻസിയല്ലാതെ മറ്റ് യാതൊരു ഏജൻസിയും പദ്ധതിയിൽ ഇടപെടുന്നില്ലായെന്ന് KTIL ഉറപ്പുവരുത്തേണ്ടതാണ്.
- Detailed Investigation നടത്തി, Bill of Quantities(BoQ), Architectural- Structural Drawings, Site drawings, Detailed measurements ഉൾപ്പെടെ വിശദമായ പദ്ധതി രൂപരേഖ 2025 ജൂൺ 15 നകം തയ്യാറാക്കി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- പദ്ധതി സമയബന്ധിതമായി 2025 ഡിസംബർ 31 നകം പൂർത്തീകരിക്കേണ്ടതാണ്.
- നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ നിരക്കിൽ മാത്രമേ അഡ്വാൻസ് അനുവദിക്കാൻ പാടുള്ളൂ.
- എല്ലാ mandatory ക്ലിയറൻസുകളും ലഭിച്ചതിനുശേഷം മാത്രമേ അഡ്വാൻസ് തുക അനുവദിക്കാൻ പാടുള്ളൂ.
- പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രാഥമിക ഘട്ടം മുതൽ ഉണ്ടാകുന്ന എല്ലാ ചെലവുകളും പദ്ധതി ചെലവിന്റെ ഭാഗമാക്കേണ്ടതും പ്രാഥമിക ചെലവുകൾക്കായി സംസ്ഥാന സർക്കാർ തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ആയത് recoup ചെയ്യേണ്ടതുമാണ്.
- പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് മുഴുവൻ തുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കാനും ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് യാതൊരു ചെലവും ഉണ്ടാകുന്നില്ല എന്ന കാര്യം ഉറപ്പാക്കലും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ((എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I&II), തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ(എക്സ്പെൻഡിച്ചർ-ബി) വകുപ്പ്

ഇൻ്ഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reena P P
Date: 29-05-2025 10:49:43

സെക്ഷൻ ഓഫീസർ

പകർപ്പ്-

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്